"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ. വിഷ്ണു മോഹൻ ദേവ്. (റിട്ട: ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ)-ക്കെതിരെ, സ്വീകരിച്ചു വന്ന അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട്, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ടിയാൻ ഫയൽ ചെയ്ത O.A.No-1199/24-കേസിന്റെ 06-12-2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.793/2026/LSGD തീയതി,തിരുവനന്തപുരം, 18-03-2026

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2023-ലെ LSGD/PD/15081/2023-VIGB6 നമ്പർ നടപടിക്രമം
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2023-ലെ LSGD/PD/41916/2023-VIGB6 നമ്പർ നടപടിക്രമം
3. 13.10.2023 തീയതിയിലെ സ.ഉ.(സാധാ) നം.2025/2023/LSGD നമ്പർ സർക്കാർ ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.11.2023-ലെ LSGD/PD/41916/2023-VIGB6 നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റപത്രവും
5. ശ്രീ. വിഷ്ണുമോഹൻദേവ് 01.01.2024 തീയതിയിൽ സമർപ്പിച്ച എതിർവാദ പ്രതിക
6. തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ 15.06.2024-ലെ 15-04-2024-ലെ LSGD/PD/41916/2023-VIGB6 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
7. ശ്രീ.വിഷ്ണു മോഹൻ ദേവ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No 1199/24-ന്റെ 06.12.2024-ലെ കോടതിവിധി
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 26-07-2024-ലെ LSGD/PD/41916/2023-VIGB6 നമ്പർ ഉത്തരവ്.

9. പ്രിൻസിപ്പൽ ഡയറക്ടറുടെ 29-01-2025-ലെ LSGD/PD/41916/2023-VIGB6 നമ്പർ കത്ത്.

10. ശ്രീ.വിഷ്ണു മോഹൻ ദേവ്-നെതിരെയുള്ള 21.02.2025-ലെ ERB3/59/2024/LSGD നമ്പർ കാരണം കാണിയ്ക്കൽ നോട്ടീസ്

11. ശ്രീ. വിഷ്ണുമോഹൻ ദേവ് 15.03.2025-ൽ സമർപ്പിച്ച മറുപടി

12. 8.11.2025 ൽ പി.എസ്.സി സെക്രട്ടറിക്ക് നൽകിയ ERB3/ 59/2024-LSGD നമ്പർ കത്ത്

13. 02.03.2026 തീയതിയിൽ പി.എസ്.സി യിൽ നിന്നുള്ള A1-2/63/2025-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഇരരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ. വിഷ്ണു മോഹൻ ദേവ്-നെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനമെടുത്തതിനെ തുടർന്ന് ചുവടെ ചേർക്കുന്ന വിഷയങ്ങൾ സംബന്ധിച്ച കുറ്റങ്ങൾ വിശദമാക്കികൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിയ്ക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായുള്ള കുറ്റാരോപണ മെമ്മോയും കുറ്റപത്രവും പരാമർശം (4) പ്രകാരം ടിയാന് നൽകിയിരുന്നു.

i). 07-11-2019 തീയതി മുതൽ 05-08-2021 വരെ കാലയവിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി & ബ്ലോക്ക് ഡെവലെപ്മെന്റ് ഓഫീസറായി ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ ചുമതല വഹിച്ചുവരവെ ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുക വരുന്ന വർക്കുകൾ ഓപ്പൺ ടെൻഡർ നടപടിക്രമങ്ങൾ പാലിയ്ക്കാതെ ക്വട്ടേഷൻ വിളിച്ചു.

ii). കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ (സി.എഫ്.എൽ.റ്റി.സി) പ്രാരംഭ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് പ്രകാരം 2,50,000/- രൂപയുടെ വർക്ക് വാല്യുവേഷൻ നടത്തിയതിൽ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. ജോമി മാത്യൂ പ്ലാന്തോട്ടത്തിൽ പൂഞ്ഞാർ എന്നയാൾക്ക് വർക്ക് നൽകുകയും തുടർന്ന് 4,11,946/- രൂപയുടെ വർക്ക് നടന്നതായി കാണിച്ച് ബില്ല് പാസ്സാക്കി നൽകി.

iii). ഈരാറ്റുപേട്ട ബ്ലോക്ക് ഓഫീസിലെ റെക്കോർഡ് റൂം വൈദ്യുതീകരിച്ച് സജ്ജമാക്കിയത്

സംബന്ധിച്ച 17,549/- രൂപയുടെ കണ്ടിജന്റ് ബില്ല്, ബ്ലോക്ക് ഓഫീസ് ഹാളിലെ ഇലക്ട്രിക്ക് വർക്കുമായി ബന്ധപ്പെട്ട 24,300 രൂപയുടെ കണ്ടിജന്റ് ബില്ല്, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങളുടെ ശിഖരങ്ങളുടെ മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട 24,000/- രൂപയുടെ കണ്ടിജന്റ് ബില്ല്, സോളാർ പാനലിനു സൂര്യപ്രകാശം ലഭിക്കുന്നതിന് തടസ്സമായി നിന്ന മരച്ചില്ലകൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട 8300/- രൂപയുടെ കണ്ടിജന്റ് ബില്ല്, ബ്ലോക്ക് ഓഫീസിലെ കോൺഫറൻസ് ഹാളിൽ പ്രസ്സ് മെറ്റലിലുള്ള ഹാങ്ങിങ് ബോർഡ് ചെയ്തതുമായി ബന്ധപ്പെട്ട 18,700/- രൂപയുടെ കണ്ടിജന്റ് ബില്ല് എന്നിവ പ്രകാരമുള്ള വർക്കുകൾക്കു ചട്ട പ്രകാരമുള്ള quotation നടപടി സ്വീകരിക്കാതെയും ടി ബില്ലുകളോടൊപ്പം സി.എഫ്.എൽ.റ്റി.സി യുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ക്വട്ടേഷൻ സമർപ്പിച്ചിരുന്ന ശ്രീ.ജോമി മാത്യൂ പ്ലാന്തോട്ടത്തിൽ പൂഞ്ഞാർ എന്നയാളുടെ പേരിലുള്ള കൈപ്പറ്റ് രസീതുകൾ തയ്യാറാക്കി യഥാർത്ഥ കൈപ്പറ്റ് രസീതുകളും ക്വട്ടേഷനുകളുമാണെന്ന വ്യാജേന ആകെ 2,77,839/- രൂപ സ്വന്തം കയ്യിൽ നിന്നും ചെലവാക്കിയതായി കാണിച്ച് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മുൻപാകെ ബില്ലുകൾ ഹാജരാക്കി ടി ബില്ലുകൾ പ്രകാരമുള്ള തുക ആറ്റിങ്ങൽ മാമം ബ്രാഞ്ചിലുള്ള 67295920886 എന്ന വ്യക്തിഗത അക്കൗണ്ട് വഴി മാറി എടുത്തു വിശ്വാസ വഞ്ചന നടത്തി.

iv). ബ്ലോക്ക് പഞ്ചായത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള വകുപ്പ് വാഹനങ്ങളുടെ ലോഗ് ബുക്കിൽ സഞ്ചരിച്ച ദൂരം കളവായി രേഖപ്പെടുത്തി, ടി വാഹനങ്ങൾ ദുരുപയോഗം ചെയ്തത് വഴി സർക്കാർ ഖജനാവിന് നഷ്ടം വരുത്തി.

2) പരാമർശം (4) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ -യ്ക്ക് ശ്രീ. വിഷ്ണുമോഹൻ ദേവ് സമർപ്പിച്ച പരാമർശം (5) എതിർവാദ പത്രികയിൽ, ദുരന്ത നിവാരണ നിയമം 2005, പകർച്ച വ്യാധികൾ തടയൽ നിയമം 1897 എന്നിവയുടെ പരിധിയിൽ വരുന്ന അടിയന്തര സാഹചര്യം പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ടെണ്ടർ നപടികൾ ഒഴിവാക്കി നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ ക്വട്ടേഷൻ നടപടികൾ പ്രകാരം സി.എഫ്.എൽ.റ്റി.സി സജ്ജമാക്കിയതെന്നും, സമയബന്ധിതമായി തീർക്കേണ്ടിയിരുന്നതും അത്യാവശ്യ ഘട്ടവും ആയതിനാലും സദുദ്ദേശപരവും സെക്രട്ടറിയുടെ പക്കൽ നിന്ന് ചെലവായതിനാലുമാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന് വിധേയമായി സ്വന്തം അക്കൗണ്ട് വഴി തുക മാറ്റിയെടുത്തതെന്നും ബോധിപ്പിച്ചുകൊണ്ടും, കൂടാതെ കോവിഡ് 19 മായി ബന്ധപ്പെട്ട സി.എഫ്.എൽ.റ്റി.സി-യുടെ അടിയന്തര ജീവൻരക്ഷാ ദൗത്യങ്ങൾക്കായി ഡ്രൈവർമാരുടെ സഹായത്തോടെ സദുദ്ദേശപരമായാണ് വാഹനങ്ങൾ ഉപയോഗിച്ചതെന്നും, ഉപയോഗിച്ച അന്ന് തന്നെ ലോഗ് ബുക്കിൽ

രേഖപ്പെടുത്തുന്നതിന് ഡ്രൈവർമാർക്ക് സാധിക്കാതെയും ആയത് പിന്നിട് ക്രമീകരിച്ചപ്പോൾ മനപ്പൂർവ്വമല്ലാതെയുണ്ടായ ചെറിയ തെറ്റുകൾ മാപ്പാക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

3) തുടർന്ന്, കുറ്റാരോപണ പത്രികയിലെ എല്ലാ ആരോപണങ്ങളും നിലനിൽക്കുന്നതായി ബോധ്യപ്പെട്ടതിനാലും, ആയതിനെ ഖണ്ഡിക്കുന്ന കാരണങ്ങളൊന്നും ടിയാന്റെ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടില്ലാ തിരുന്നതിനാലും തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ഡെപ്യൂട്ടി ഡയറക്ടറെ അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുവാൻ പ്രിൻസിപ്പൽ ഡയറക്ടർ നിയമിക്കുകയും പരാമർശം (6) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

> ടെണ്ടർ നടപടി ഒഴിവാക്കിയത് സംബന്ധിച്ചും എസ്റ്റിമേറ്റിന് ഉപരിയായി തുക നൽകിയത് സംബന്ധിച്ചും ഹാജരാക്കിയ രേഖകൾ ടിയാളുടെ വാദം അംഗീകരിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ നൽകിയിരിയ്ക്കുന്ന വിശദീകരണം അംഗീകരിയ്ക്കാവുന്നതല്ല. മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റൽ, റെക്കോർഡ് റൂം സജ്ജീകരിക്കൽ, ഹാങ്ങിംഗ് ബോർഡ് സ്ഥാപിയ്ക്കൽ, ഇലക്ട്രിക്കൽ വർക്ക് എന്നീ പ്രവൃത്തികൾക്ക് ചെലവായ തുക കൈയ്യിൽ നിന്ന് നൽകി പ്രസ്തുത തുക പിന്നീട് സ്വകാര്യ അക്കൗണ്ടിലേയ്ക്ക് മാറ്റിയെടുക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് സമർപ്പിച്ച വിശദീകരണം ന്യായീകരിയ്ക്കത്തക്കതല്ല. വാഹനം ദുരുപയോഗം നടത്തിയതിന് ഡ്രൈവർമാർ ലോഗ് ബുക്ക് ക്രമീകരിച്ചപ്പോളുണ്ടായ ക്രമക്കേട് എന്ന വാദം കൃത്യമായ വിശദീകരണമായി പരിഗണിക്കുവാനാവില്ല. ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്നും ക്രമക്കേട്, ചട്ടലംഘനം, കൃത്യവിലോപം, അധികാര ദുർവിനിയോഗം എന്നിവ ഉണ്ടായതായി ബോധ്യപ്പെട്ടിരിക്കുന്നു.

4) എന്നാൽ, ശ്രീ. വിഷ്ണുമോഹൻദേവ് 31.05.2024 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് ടിയാനെതിരെ പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ, കേരള സിവിൽ സർവ്വീസസ് (സി.സി & എ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ കെ.എസ്.ആർ ഭാഗം III പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശയിൽ ഉന്നയിച്ചിരിയ്ക്കുന്ന ക്രമക്കേടുകൾക്ക് സമാനമായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നേരത്തെ തന്നെ ഗ്രാമവികസന കമ്മീഷണറുടെ തലത്തിൽ അന്വേഷണം നടത്തി അച്ചടക്ക നടപടി സ്വീകരിച്ച് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞ്കൊണ്ട് തീർപ്പാക്കിയ പരാമർശം (1) നടപടിക്കെതിരെ സർക്കാരിൽ അപ്പീൽ ലഭിച്ചതിനെ തുടർന്ന് പ്രസ്തുത നടപടി സഞ്ചിത പ്രാബല്യത്തോടെയല്ലാതെയാക്കിക്കൊണ്ട് ടി

ശിക്ഷ ലഘൂകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

5) ശ്രീ.വിഷ്ണുമോഹൻ ദേവ്-നെതിരെ കെ.എസ്.ആർ ഭാഗം III പ്രകാരം സക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാനെതിരെ ഒരു നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് കഴിഞ്ഞതിനാൽ സമാനമായ ക്രമക്കേടുകളുടെ പേരിൽ വീണ്ടുമൊരു അച്ചടക്ക നടപടി എടുക്കുന്ന കാര്യത്തിൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയ ശേഷം, ശ്രീ. വിഷ്ണുമോഹൻ ദേവിന് ഗ്രാമവികസന കമ്മിഷണർ തലത്തിൽ നൽകിയ പരാമർശം (4) കുറ്റാരോപണ പത്രികയിൽ ക്രമനം.3 ആയി വിശദമാക്കിയിരുന്ന ഈരാറ്റുപേട്ട ബ്ലോക്ക് ഓഫീസിലെ റെക്കോർഡ് റൂം വൈദ്യുതീകരിച്ചത് മുതലായ പ്രവൃത്തികൾ നടപ്പിലാക്കിയതിലെ ക്രമക്കേടും ചെലവായ തുക സ്വകാര്യ ബാങ്ക് അക്കൗണ്ടിൽ നിന്ന് ടിയാൻ വ്യക്തിഗത അക്കൗണ്ട് മുഖേന മാറിയെടുത്തുവെന്ന ക്രമക്കേടും സംബന്ധിച്ച് പരാമർശം (6) ഔപചാരിക അന്വേഷണ റിപ്പോർട്ട്, പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നും ലഭ്യമായ പരാമർശം (9) പ്രകാരമുള്ള റിപ്പോർട്ട്, എന്നിവ പരിശോധിച്ചതിൽ ടിയാന് എതിരെയുള്ള ആരോപിത കുറ്റങ്ങൾ നിലനിൽക്കുന്നു എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ ശ്രീ. വിഷ്ണുമോഹൻദേവിന്റെ പെൻഷനിൽ നിന്ന് പ്രതിമാസം അഞ്ഞൂറ് രൂപ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുള്ള ശിക്ഷ നൽകുന്നത് സംബന്ധിച്ച് സർക്കാർ താൽക്കാലിക തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന്, മേൽ ക്രമക്കേടുകൾ വിശദമാക്കിയും, ടി കുറ്റങ്ങളുടെ പേരിൽ അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപിതനായ ശ്രീ. വിഷ്ണുമോഹൻദേവിന്റെ പെൻഷനിൽ നിന്ന് പ്രതിമാസം അഞ്ഞൂറ് രൂപ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുള്ള താല്ക്കാലിക തീരുമാനം അറിയിച്ച് കൊണ്ടും ടിയാന് പരാമർശം (10) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

6) കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (11) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ, ആദ്യ രണ്ട് പ്രവൃത്തികൾ നടപ്പാക്കിയ അടിയന്തര സാഹചര്യവും, ആയതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയും ഇലക്ട്രിക്കൽ പെറ്റി വർക്ക് പരിധിയായ 25,000/- രൂപയിൽ താഴെ മാത്രം വരുന്ന പെറ്റി വർക്ക് എന്ന ഗണത്തിൽപ്പെടുന്നതിനാൽ, ടി പ്രവർത്തികൾ അംഗീകരിച്ച് തുടർ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും, ഓഫീസ് കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റിയത് തുടങ്ങിയ പ്രവർത്തികളുമായി ബന്ധപ്പെട്ട നടപടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ സ്റ്റാറ്റ്യൂട്ടറി ചുമതലകളിൽപ്പെടുന്നതാണെന്നും, 25,000/- രൂപയിൽ താഴെ മാത്രം വരുന്ന റ്റി വർക്ക് പെറ്റി വർക്ക് എന്ന ഗണത്തിൽപ്പെടുന്നതിനാൽ, ടി പ്രവർത്തികൾ അംഗീകരിച്ച് തുടർ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും, , അതോടൊപ്പം, ആകെ 2,77,839 രൂപ

സ്വന്തം കയ്യിൽ നിന്നും ചെലവാക്കിയതായി കാണിച്ച് ബില്ലുകൾ കമ്മിറ്റി മുൻപാകെ ഹാജരാക്കി വ്യക്തിഗത അക്കൗണ്ട് വഴി മാറിയെടുത്തുവെന്ന ആരോപണം തെറ്റാണെന്നും ആകെ 92,849/- രൂപ മാത്രമേ ബാങ്ക് അക്കൗണ്ടിൽ നിന്ന് മാറിയെടുത്തിട്ടുള്ളുവെന്നും അറിയിച്ചുകൊണ്ട് അപേക്ഷിക്കുകയുണ്ടായി.

7) മേൽ മറുപടി പരിശോധിച്ച ശേഷം ശ്രീ വിഷ്ണുമോഹൻദേവിനെ 07/04/2025-ന് സർക്കാർ നേരിൽ കേട്ടതിലും ടി മറുപടിയിൽ വ്യക്തമാക്കിയിരുന്നത് പോലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ താൻ നടപ്പിലാക്കിയ പ്രവൃത്തികൾ എല്ലാം തന്നെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി വ്യക്തമായ തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണെന്ന് ടിയാൻ അറിയിയ്ക്കുകയുണ്ടായി. എന്നാൽ ഇതിന് അനുബന്ധമായ എല്ലാ രേഖകളും ടിയാന് സമർപ്പിയ്ക്കുവാൻ കഴിഞ്ഞില്ല. കൂടാതെ, പ്രവൃത്തി ചെയ്തവർക്ക് നേരിട്ട് അക്കൗണ്ടിലേയ്ക്ക് തുക നൽകാതെ തന്റെ സ്വകാര്യ അക്കൗണ്ടിലേയ്ക്ക് തുക മാറ്റിയെടുത്തുവെന്ന ക്രമക്കേട് സംഭവിച്ചിട്ടുണ്ടെന്ന് ടിയാൻ തന്നെ അംഗീകരിക്കുകയുണ്ടായി.

8) അച്ചടക്ക നടപടി അടിയന്തരമായി തീർപ്പാക്കുന്നതിലേക്കായി ശ്രീ.വിഷ്ണുമോഹൻ ദേവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ പരാമർശം (7) വിധിന്യായപ്രകാരം ടി വിധിപകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം അച്ചടക്ക നടപടികൾ പൂർത്തിയാക്കുവാൻ ബഹു.കോടതി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ ഉദ്യോഗസ്ഥനായ ടിയാന്റെ പെൻഷനിൽ നിന്ന് പ്രതിമാസം ₹500/- രൂപ കുറയ്ക്കുന്നതായി കൈക്കൊണ്ട താൽക്കാലിക തീരുമാനത്തിന്മേൽ പരാമർശം (12) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞതിൽ കമ്മീഷൻ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (13) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

9) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കെ.എസ്.ആർ ഭാഗം-3 ചട്ടം 3 (a) പ്രകാരം കുറ്റാരോപിതനായ റിട്ട: ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ വിഷ്ണു മോഹൻ ദേവിന്റെ പെൻഷനിൽ നിന്ന് പ്രതിമാസം ₹500/- രൂപ കുറവ് ചെയ്തുകൊണ്ട് ടിയാനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ടിയാൻ ഫയൽ ചെയ്ത O.A No.1199/24-ന്റെ 06.12.2024-ലെ കോടതിവിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. ശ്രീ.വിഷ്ണുമോഹൻ ദേവ്, റിട്ട: ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കോട്ടയം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
4. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവന്തപുരം(ആമുഖകത്ത് സഹിതം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള തിരുവനതപുരം
5. വിജിലസ് (ഇ ) വകുപ്പ് (E3/324/2022/Vigilance തീയതി. 06-11-2025 പ്രകാരം)
6. വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media )

7.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 18-03-2026 17:01:30

സെക്ഷൻ ഓഫീസർ